4

**ജന്മനാടിൻെറ കൃഷിപ്പെരുമ വീണ്ടെടുക്കൽ ജീവിത ദൗത്യമാക്കിയ പ്രവാസി വ്യവസായി**

# തരിശില്ലാത്ത വെൺമണി ബാബുജിയുടെ സ്വപ്നം



*കോശി സാമുവൽ പാടത്തിനരികിൽ*

**അലകടലിനക്കരെ** അധ്വാനിച്ചു നേടിയ പണം ധൂർത്തടിച്ചു നാട്ടിലാളാകാൻ നോക്കുന്ന പ്രവാസികൾക്കിടയിൽ ഇതാ വേറിട്ടൊരാൾ. ജന്മഗ്രാമത്തിൻെറ കൃഷിപ്പെരുമ തിരിച്ചുപിടിക്കാൻ മണ്ണിൽ തൻെറ സമ്പാദ്യവും സമയവും അധ്വാനവും ചെലവഴിക്കുകയാണ് ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂരിനടുത്തു വെൺമണിയിൽ ബാബുജി എന്നു നാട്ടുകാർ വിളിക്കുന്ന കോശി സാമുവൽ.

കൃഷിക്കു പേരുകേട്ട വെൺമണി ഗ്രാമത്തിൻെറ വെറ്റിലപ്പെരുമ നാട്ടിലും മറുനാട്ടിലും മാത്രമല്ല, വിദേശങ്ങളിൽപോലും എത്തിയിരുന്നു ഒരു കാലത്ത്. നെൽകൃഷിയിൽ തുടക്കമിട്ട ബാബുജിയുടെ ഏറ്റവും പുതിയ ദൗത്യം വെൺമണി വെറ്റിലയുടെ പേരും പെരുമയും വീണ്ടെടുക്കൽതന്നെ.

മുന്നൂറു കോടി രൂപയിലേറെ വാർഷിക വിറ്റുവരവും രണ്ടായിരത്തി അഞ്ഞൂറോളം ജീവനക്കാരുമുള്ള സൗദി അറേബ്യയിലെ നിഡാൻഗ്രൂപ്പിൻെറ വൈസ് പ്രസിഡൻറായ കോശി സാമുവൽ നാട്ടിലെത്തിയാൽ പിന്നെ പാടത്താണ്. മണ്ണിൽനിന്നു സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ആദ്യം മണ്ണിനെയാണ് സ്നേഹിക്കേണ്ടതെന്നു കോശിയുടെ വിശ്വാസപ്രമാണം. വെൺമണിയിൽ ഒരുതുണ്ടു ഭൂമി പോലും തരിശു കിടക്കരുതെന്ന വാശിയിലാണ് ഇദ്ദേഹം. ഭൂവുടമകൾക്കു കൃഷി ചെയ്യാൻ താൽപര്യമുണ്ടെങ്കിൽ പണം മുടക്കാൻ കോശി തയാർ. ഇല്ലെങ്കിൽ ഭൂമി പാട്ടത്തിനെടുത്തു സ്വന്തമായി കൃഷി ചെയ്യും. ലാഭത്തിൻെറ പകുതി ഭൂവുടമയ്ക്കു നൽകുകയും ചെയ്യും.

വെൺമണി കീരിക്കാട്ട് തറയിലേത്ത് പുത്തൻ ബംഗ്ലാവിൽ പരേതരായ കെ.എം. സാമുവലിൻെറയും തങ്കമ്മയുടെയും മകനു കൃഷിയോടുള്ള താൽപര്യം പാരമ്പര്യസിദ്ധമാണ്. മലയാളം പ്ലാൻെറഷൻസിൽ ഉദ്യോഗസ്ഥനായിരുന്ന സാമുവൽ വിരമിച്ചു നാട്ടിൽ മടങ്ങിയെത്തിയപ്പോഴും കൃഷി തുടർന്നു. നല്ല കൃഷിക്കാരനെന്നു നാട്ടിൽ അറിയപ്പെടുകയും ചെയ്തു.

അഞ്ചു കൊല്ലം മുമ്പ് മാമ്പ്ര പാടശേഖരത്തിൽ എട്ടേക്കർ നിലം വാങ്ങിയാണ് കൃഷിയിൽ കോശിയുടെ തുടക്കം. തരിശിനെതിരേ പട തുടങ്ങുന്നതു 2011ൽ പടുവപ്പാടത്ത് 13 ഏക്കർ പാട്ടത്തിനെടുത്തുകൊണ്ട്. ആദ്യവിളവു മോശമായില്ലെങ്കിലും ചെലവു കൂടിയതിനാൽ ഒരു ലക്ഷം രൂപയോളം നഷ്ടമായി. എന്നാൽ അടുത്ത തവണ വിളവു വർധിച്ചു, 85,000 രൂപയോളം ലാഭവും കിട്ടി. തുടർന്ന് ആറ്റുവ മംഗലം പാടത്തേക്കു കൃഷി വ്യാപിപ്പിച്ചു. ഇപ്പോൾ നെൽകൃഷിയുള്ളത് നാൽപതോളം ഏക്കറിൽ. ഇതിൽ വാടക ഭൂമിയിലെ സ്വന്തം കൃഷിയുണ്ട്. മറ്റുള്ളവരുടെ കൃഷിക്കു പണം മുടക്കിയ ഇടങ്ങളുമുണ്ട്.

ഒന്നര മാസം കൂടുമ്പോൾ നാട്ടിലെത്തുന്ന ബാബുജി തൻെറ കൃഷിയിടങ്ങളെല്ലാം നേരിട്ടുകണ്ട് വേണ്ടതു ചെയ്യുന്നു. മടങ്ങുമ്പോൾ കൃഷികാര്യങ്ങൾ നോക്കുന്നതു സുഹൃത്തായ ഷീരാജ് കോട്ടേജിൽ തോമസ് മാത്യുവാണ്. ഇക്കഴിഞ്ഞ മാസം അവധിക്കു വന്നപ്പോൾ ആറര ലക്ഷം രൂപ മുടക്കി ഒരു ട്രാക്റ്റർ വാങ്ങി. സ്വന്തം ആവശ്യം കഴിഞ്ഞുള്ള സമയത്തു മറ്റു കർഷകർക്ക് വാടകയ്ക്കു കൊടുക്കാനാണ് പ്ലാൻ.

പാടത്തുനിന്നു കരക്കൃഷിയിലേക്കും ചുവടു വയ്ക്കുകയാണ് ബാബുജി. പുന്തല വായനശാലയോടു ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന കർഷകസംഘവുമായി ചേർന്നാണ് പുതിയ ദൗത്യം. വ്യക്തികളും ഗ്രൂപ്പുകളുമായി നാൽപതോളം ഏക്കർ സ്ഥലത്ത് കിഴങ്ങുവർഗങ്ങളും വെറ്റിലയുമാണ് കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്നത്. പഞ്ചായത്ത് വൈസ് പ്രസിഡൻറ് ബാബുവാണ് പദ്ധതിക്കു ചുക്കാൻ പിടിക്കുന്നത്. പണം മുടക്കുന്നതു ബാബുജിയും. കരാറോ ഉടമ്പടിയോ ഇല്ലാതെ വിശ്വാസത്തിൻെറ ഒറ്റ ബലത്തിൽ. കഴിഞ്ഞമാസം ഈ സ്ഥലങ്ങളെല്ലാം ബാബുജി നേരിട്ടു കണ്ടു, കർഷകരുമായി സംസാരിച്ചു.

വെൺമണിയെ പത്തു വർഷത്തിനകം തരിശുരഹിതഗ്രാമമാക്കണമെന്നാണ് ബാബുജിയുടെ സ്വപ്നം. എന്നാൽ അതിനു മുമ്പുതന്നെ സ്വപ്നം പൂവണിയുമെന്നു സുഹൃത്ത് തോമസ് മാത്യു ചൂണ്ടിക്കാട്ടുന്നു. കാരണം ബാബുജിയെ കണ്ടുപഠിച്ചു കൃഷിക്കിറങ്ങുന്നുണ്ട് നാട്ടിൽ പലരും.

മണ്ണിനൊപ്പം മനുഷ്യരെയും സ്നേഹിക്കുന്ന കോശി ജീവകാരുണ്യ പ്രവർത്തനത്തിലും സജീവമാണ്. ഹോപ് ഫോർ ഹോപ്‌ലെസ് എന്ന സംഘടനയിലൂടെ നൂറോളം പേർക്ക് മാസം ആയിരം രൂപ വീതം പെൻഷൻ നൽകിവരുന്നു. രോഗികൾക്കു ചികിത്സ, വീടില്ലാത്തവർക്കു വീട്, സ്കൂളുകളിൽ ഉച്ചഭക്ഷണം തുടങ്ങിയ സഹായങ്ങളും ചെയ്യുന്നു. 70 നിർധന കുടുംബങ്ങൾക്കു ടോയ്‌ലറ്റ് നിർമിച്ചു നൽകി. 260 കുടുംബങ്ങൾക്ക് മെഡിക്കൽ ഇൻഷുറൻസ് ഏർപ്പെടുത്തുകയും ചെയ്തു.

കാനഡയിൽ ഡോക്ടറായ സൂസൻ കോശിയാണ് ഭാര്യ. രഞ്ജു, രേഷ്മ, രൂപൻ മക്കൾ.

**ടി. കെ. എസ്.**